# THE SPOTLIGHT

## Voice of fathima

### Fathima Arts and Sciences College Moothedam

Managed by The Malankara Catholic Diocese of Bathery,
Affiliated to University of Calicut.
Moothedam, Nilambur, Malappuram Dt-679331
www.fasc.ac.in ,fasc.ac.in@gmail.com

2026 SEPTEMBER

ISSUE#7

**DIGITAL MAGAZINE**


## മാഗസിൻ 'തുരുത്ത്' പ്രകാശനം

മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജ് 2025-26 അധ്യയന വർഷത്തെ 'വൈഗോറ' കോളേജ് യൂണിയൻ നിർമ്മിച്ച 'തുരുത്ത്' കോളേജ് മാഗസിൻ പ്രകാശനം ചെയ്തു. നിലമ്പൂർ എം.എൽ.എ. ആര്യാടൻ ഷൗക്കത്ത് മാഗസിൻ സ്റ്റുഡന്റ് എഡിറ്റർ ഫർഹാൻ ഷിഹാബിന് നൽകിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്.
കോളേജ് പ്രിൻസിപ്പാൾ ഡോ. ഫാ. ഷിബിൻ പി. ജെയിംസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, ബർസാർ ഫാ. സാബിൻ എബ്രഹാം, മാഗസിൻ സ്റ്റാഫ് എഡിറ്റർ ടി. അഞ്ജന, യൂണിയൻ അഡ്വൈസർ എം. അസ്ന, സബ് എഡിറ്റർ ടി.പി. നേഹ, നതാഷ വി.എസ്., ആര്യാദേവി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.









## ഉത്തരവാദിത്വ ടൂറിസം സെമിനാർ




ലോക വിനോദസഞ്ചാര ദിനാഘോഷങ്ങ ളുടെ ഭാഗമായി മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 'ഉത്തരവാദിത്ത ടൂറിസം' സെമിനാർ സംഘടിപ്പിച്ചു കോളേജിലെ ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് ഡിപ്പാർട്ട് മെന്റാണ് 'ഉത്തരവാദിത്തത്തോടെ യാത്ര ചെയ്യാം,നാളെയെ സംരക്ഷിക്കാം" എന്ന സന്ദേശമുയർത്തി പരിപാടി സംഘടിപ്പിച്ച ത്.
ടൂറിസം രംഗത്തെ പുതിയ സാധ്യതകളെ ക്കുറിച്ചും പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര രീതികളെക്കുറിച്ചും വിദ്യാർത്ഥി കളിൽ അവബോധം സൃഷ്ടിക്കുകയാണ് ഈ സെമിനാറിലൂടെ ലക്ഷ്യമിടുന്നത്. പ്രകൃതിക്കും സമൂഹത്തിനും കോട്ടം തട്ടാത്ത രീതിയിലുള്ള ടൂറിസം വികസനം ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് സെമിനാർ വിലയിരുത്തി.

കോളേജ് സ്മാർട്ട് റൂമിൽ നടന്ന സെമിനാർ കോളേജിൽ പ്രിൻസിപ്പൽ ഫാ.ഡോ. ഷിബിൻ പി ജയിംസ് ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി ഫിലിപ്പ് നൈനാൻ അധ്യ ക്ഷത വഹിച്ചു.കേരള റെസ്പോൺ സിബിൾ ടൂറിസം മിഷൻ സൊസൈറ്റി ജില്ലാ മിഷൻകോർഡിനേറ്റർ. സിബിൻ പി. പോൾ സെമിനാറിൽ മുഖ്യ പ്രഭാഷണവും ക്ലാസും നയിച്ചു.
ചടങ്ങിൽ കോളേജ് സി.ഇ.ഒ ഫാ.ജോർജ് പതാക്കൽ,ഐ.ക്യു എ.സി കോ-ഓഡിനേ റ്റർ ഡോ.നാജിയാ ബീഗം, കേളേജ്സൂപ്രണ്ട് ജോസ് പറക്കുംതാനം,പി.ആർ.ഒ. സാബു പൊൻ മേലിൽ അധ്യാപികരേവതി ആനന്ദ്, തുടങ്ങിയവർ സംസാരിച്ചു. ടൂറിസം വകുപ്പ് അധ്യാപകൻ ആദർശ് മാത്യു സ്വാഗതവും വിദ്യാർത്ഥി ആൽബിൻ ഷിബു നന്ദിയും പറഞ്ഞു



## അധ്യാപക ദിനം:
## സർഗാത്മക കത്തെഴുത്ത് മത്സര വിജയിയെ പ്രഖ്യാപിച്ചു

അധ്യാപക ദിനാഘോഷങ്ങളുടെ ഭാഗമായി മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം "ഡിയർ ടീച്ചർ..." എന്ന പേരിൽ ഒരു സർഗാത്മക കത്തെഴുത്ത് മത്സരം സംഘടിപ്പിച്ചു. തങ്ങളെ പ്രചോദിപ്പിക്കുകയും പിന്തുണയ്ക്കുകയും സ്വാധീനിക്കുകയും ചെയ്ത അധ്യാപകരോടുള്ള നന്ദിയും കൃതജ്ഞതയും പ്രകടിപ്പിക്കാൻ ഈ മത്സരം വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി.കൈകൊണ്ട് വരച്ച ചിത്രങ്ങൾ,പെയിന്റിംഗുകൾ, മറ്റ് ഒറിജിനൽ കലാ പരമായ ഘടകങ്ങൾ എന്നിവ ഉപയോഗിച്ച് സർഗാത്മകമായി കത്തുകൾ അവതരിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. ഉള്ളടക്കം, മൗലികത,സർഗാത്മകത, മൊത്തത്തിലുള്ള അവതരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് എൻട്രികൾ വിലയിരുത്തിയത്.ഒന്നാം വർഷ മലയാളം വിദ്യാർത്ഥിനിയായ സി.ഫാത്തിമ ഫിദ മത്സരത്തിൽ വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു പ്രത്യേക അംഗമെന്ന നിലയിൽ, വിജയിച്ച കത്ത് അത് ആർക്കാണോ എഴുതിയത് ആ അധ്യാപകന് തന്നെ കൈമാറി. ഇത് ഈ പരിപാടിയെ അധ്യാപകർക്കുള്ള അർത്ഥവ ത്തായ ആദരവും വിദ്യാർത്ഥിയുടെ കൃതജ്ഞതയുടെ സ്മരണീയമായ പ്രകടനവു മാക്കി മാറ്റി.





## രുചിപ്പെരുമ തീർത്ത് 'മൈക്രോ ഫീസ്റ്റ്' ഫുഡ് സ്റ്റാൾ

മൈക്രോബയോളജി വിഭാഗം വിദ്യാർത്ഥികൾക്കായി ക്യാമ്പസിൽ സംഘടിപ്പിച്ച 'മൈക്രോ ഫീസ്റ്റ്' ഫുഡ് സ്റ്റാൾ ഏറെ ശ്രദ്ധേയ മായി. വിദ്യാർത്ഥികളിൽ സംരംഭകത്വ ഗുണങ്ങളും സഹകരണ മനോഭാവവും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേള സംഘടിപ്പിച്ചത്. നാടൻ വിഭവങ്ങൾ മുതൽ ആധുനിക രീതിയിലുള്ള പലഹാരങ്ങളും, പാനീയങ്ങളും, ആരോഗ്യകരമായ ലഘുഭക്ഷണങ്ങളും സ്റ്റാളിൽ ഒരുക്കിയിരുന്നു. മൈക്രോബയോളജി വിഭാഗം മേധാവിയും അധ്യാപകരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. ക്യാമ്പസിലെ മറ്റ് വിഭാഗങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും വൻതോതിൽ എത്തിയതോടെ 'മൈക്രോ ഫീസ്റ്റ്' വൻ വിജയമായി മാറി. വിദ്യാർത്ഥികൾ തന്നെ സ്വയം തയ്യാറാക്കിയ വിഭവങ്ങളുടെ ഗുണനിലവാരവും മിതമായ നിരക്കും എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.




ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിലെ കബഡി താരങ്ങൾക്കുള്ള ജേഴ്സി വിതരണം ചെയ്തു. കോളേജിൽ നടന്ന പരിപാടിയിൽ പ്രിൻസിപ്പൽ ഫാ.ഡോ.ഷിബിൻ പി ജെയിംസ് കബഡി താരങ്ങൾക്ക് കൈമാറി. ചടങ്ങിൽ കോളേജ് ബർസാർ ഫാ സാബിൻ എബ്രഹാം സന്നിഹിതനായിരുന്നു.



# വേൾഡ് മൈക്രോ ഓർഗാനിസം ഡേ' 'മൈക്രോഫിയസ്റ്റ 2026'



മൂത്തേടം: ഫാത്തിമ ആർട്സ് ആന്റ് സയ ൻസ് കോളേജിലെ മൈക്രോ ബയോളജി വിഭാഗത്തിന്റെ നേതൃത്വ ത്തിൽ 'വേൾഡ് മൈക്രോ ഓർഗാനിസം ഡേ' ആഘോഷി ച്ചു. 'മൈക്രോഫിയസ്റ്റ 2026' (MICROFI ESTA 2026) എന്ന പേരിൽ സംഘടിപ്പിച്ച പരിപാടി കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർ ത്ഥികൾക്കായി വിവിധ മത്സര ങ്ങളും വിനോദ പരിപാടികളും സംഘടി പ്പിച്ചു. മത്സരങ്ങളിലെ വിജയികൾക്ക് കോളേ ജ് ബർസാർ ഫാ. സാബിൻ എബ്ര ഹാം സമ്മാനങ്ങൾ വിതരണം ചെയ്തു. 'ദർവിഷ്' (Dārvish) മ്യൂസിക് ഗ്രൂപ്പ് അവതരിപ്പിച്ച തത്സമയ സംഗീത വിരു ന്ന് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.
വിദ്യാർത്ഥി പ്രതിനിധികളായ ജിഷ്ണു, എമിൻ, അഷ്മില, നിഷാന ബേബി, നേഹ നടാഷ എന്നിവർ പരിപാടികളുടെ ഏകോപനത്തിന് നേതൃത്വം നൽകി.





**എൻ.എസ്.എസ്. സ്ഥാപക ദിനം കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ.ഷിബിൻ പി. ജെയിംസ് പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുന്നു**

**മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ എൻ.എസ്.എസ്. സ്ഥാപക ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഫാദർ ഷിബിൻ പി. ജെയിംസ് പതാക ഉയർത്തി പരിപാടി ഉദ്ഘാടനം ചെയ്തു.**
**പ്രോഗ്രാം ഓഫീസർ കെ.പി. അബ്ദുൾ ലത്തീഫ് അധ്യക്ഷത വഹിച്ചു. കോളേജ് ബർസാർ ഫാ. സാബിൻ എബ്രഹാം .അസി. പ്രോഗ്രാം ഓഫീസർ മുർശില നസ്റിൻ, വളണ്ടിയർമാരായ ഫർഹാൻ, ഹെൽന, പൂജ, ജീവൻ എന്നിവർ സംസാരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി NSS Pledge, Green Campus, Clean Campus തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.**

**ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രിക യിലേക്കുള്ള സൃഷ്ടികൾ 7594932104 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യുക**



ഫാത്തിമ കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുറത്തിറ ക്കുന്ന മാസാന്ത വാർത്താപത്രികയായ 'The Spotlight' ഏഴാം പതിപ്പ് കോളേജ് സ്റ്റാഫ് സെക്രട്ടറി വിജി കൃഷ്ണപ്രകാശനം ചെയുന്നു

# നവാഗതർക്കായി 'അഥർവ്വം' ഫ്രഷേഴ്സ് ഡേ

മൂത്തേടം: ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നവാഗതരായ വിദ്യാർത്ഥികൾക്കായി 'അഥർവ്വം' എന്ന പേരിൽ ഫ്രഷേഴ്സ് ഡേ ആഘോഷം സംഘടിപ്പിച്ചു.
കോളേജ് ജീവിതത്തിലേക്ക് പുതുതായി എത്തുന്ന വിദ്യാർത്ഥികളുടെ അപരിചിത ത്വവും ആശങ്കകളും മാറ്റി, അവർക്ക് സന്തോഷകരമായ ഒരു തുടക്കം നൽകു ന്നതിനും, നവാഗതർക്ക് തങ്ങളുടെ ഒളി ഞ്ഞിരിക്കുന്ന കലാ-കായിക കഴിവുകൾ പ്രകടിപ്പിക്കാനും, സീനിയർമാർക്ക് സംഘാ ടന മികവും നേതൃപാടവവും വളർത്തിയെ ടുക്കാനുദകുന്നതിനുമായിരുന്നുഫ്രഷേഴ്സ് ഡേ സംഘടിപ്പിച്ചത്.
കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, ബർസാർ ഫാ. സബിൻ അബ്രഹാം, ഐ.ക്യു.എ.സി (IQAC) കോ-ഓർഡിനേറ്റർ ഡോ. നാജിയ ബീഗം, പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ശരണ്യ എന്നിവർ സംസാരിച്ചു.ഉദ്ഘാടന സമ്മേളനത്തിന് ശേഷം വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി. ബാദുഷ, സൽമാൻ എന്നിവർ നയിച്ച സംഗീത ബാൻഡ് പരിപാടിയുടെ പ്രധാന ആകർഷണമായി.












**ഫാത്തിമ കോളേജിലെ ക്വിസ് ക്ലബ്ബ്**
**കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ**
**Institute of Sustainable Development in Energy Studies**
**സംയുക്തമായി പവ്വർക്വിസ് പ്രാഥമികതല മത്സരം സംഘടിപ്പിച്ചു**
.



**സെൽഫി സ്പോട്ടിലേക്ക് നിങ്ങൾക്കും സെൽഫികൾ അയക്കാം**
**+91 75949 32104**

## എഡിറ്റോറിയൽ

കാമ്പസിന്റെ സർഗ്ഗാത്മകതയും പ്രസരിപ്പും നിറഞ്ഞുനിന്ന മറ്റൊരു അധ്യായത്തിന് കൂടി തിരശ്ശീല വീഴുകയാണ്. ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഇടനാഴികളിൽ വിജ്ഞാനവും ആഘോഷങ്ങളും കൈകോർത്ത അവിസ്മരണീയമായ ഒരു മാസമായിരുന്നു സെപ്റ്റംബർ.
ക്വിസ് ക്ലബ്ബ് സംഘടിപ്പിച്ച 'പവ്വർക്വിസ്' പ്രാഥമിക തല മത്സരത്തിലൂടെ വിദ്യാർത്ഥികളുടെ ബുദ്ധിശക്തി മാറ്റുരച്ചപ്പോൾ, ക്യാമ്പസിലേക്ക് പുതുതായി കടന്നുവന്ന സഹോദരീ സഹോദരന്മാരെ 'അഥർവ്വം' ഫ്രഷേഴ്സ് ഡേയിലൂടെ നാം ഹൃദയപൂർവ്വം സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ സന്ദേശമുയർത്തി എൻ.എസ്.എസ്. സ്ഥാപക ദിനാചരണവും ഉത്തരവാദിത്വ ടൂറിസം ദിനവും ക്യാമ്പസ് ഏറ്റെടുത്ത പ്പോൾ, അറിവിന്റെ വെളിച്ചം പകർന്നു നൽകുന്ന ഗുരുക്കന്മാർക്കായി സംഘടിപ്പിച്ച 'സർഗാത്മക കത്തെഴുത്ത്' അധ്യാപക ദിനത്തിന് വേറിട്ടൊരു ഭംഗിയേകി.
ശാസ്ത്രവും രുചിയും സമന്വയിപ്പിച്ച് വേൾഡ് മൈക്രോ ഓർഗാനിസം ഡേയുടെ ഭാഗമായി ഒരുക്കിയ 'മൈക്രോ ഫീസ്റ്റ്' ഫുഡ് സ്റ്റാൾ സംഘാടനം കൊണ്ടും പങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധേയ മായി. സർഗ്ഗാത്മകതയും വിജ്ഞാന തൃഷ്ണയും സാമൂഹിക ബോധവും ഒരുപോലെ പ്രതിഫലിച്ച ഈ പ്രവർത്തനങ്ങൾ നമ്മുടെ കോളേജിന്റെ വളർച്ചയുടെ അടയാളങ്ങളാണ്. സെപ്റ്റംബർ മാസത്തിലെ ഈ സുന്ദര നിമിഷങ്ങളെയും വിശേഷങ്ങളെയും കോർത്തിണക്കി 'Spotlight'-ന്റെ പുതിയ പതിപ്പ് നിങ്ങളുടെ കൈകളിലേക്ക് എത്തിക്കുകയാണ്. വായനയുടെ വിശാല ലോകത്തേക്ക് ഏവർക്കും സ്വാഗതം.